# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6290 07.11.2016 ൽ മറുപടിയ്ക്ക്**

**സ്വകാര്യ ബസ്സുകളുടെ അനധികൃത ദീർഘദൂര സർവീസ്**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് ചില സ്വകാര്യ ബസ്സുകൾ വ്യാജ പെർമിറ്റിൽ സർവീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിൽ നിന്നാണ് ഇത്തരത്തിൽ സർവീസ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) | വ്യാജ പെർമിറ്റിൽ ബസ്സുകൾ സർവീസ് നടത്തുന്നതായി പരാതി ലഭിച്ചിട്ടില്ല |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരത്തിൽ അനധികൃത സർവീസ് നടത്തിയ എത്ര ബസ്സുകൾക്കെതിരെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | (എ)-യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല |
| (സി) | ഇത്തരത്തിൽ അനധികൃത സർവീസ് നടത്തുന്നവർക്ക് എന്തു ശിക്ഷയാണ് നൽകുന്നത്; അനധികൃത സർവീസ് കണ്ടെത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) | അനധികൃത സർവീസ് നടത്തുന്നതായി കണ്ടെത്തിയാൽ അത്തരം വാഹനങ്ങളുടെ പെർമിറ്റ് റദ്ദാക്കുന്നതിനും ഉടമകളിൽ നിന്നും പിഴ ഈടാക്കുന്നതിനും അതത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്ക് അധികാരം ഉണ്ട്. അനധികൃത സർവീസ് കണ്ടെത്താൻ ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധന നടത്തുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്, |
| (ഡി) | അന്തർ സംസ്ഥാന സർവീസ് നടത്താൻ എത്ര സ്വകാര്യ ബസ്സുകൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | 43 എണ്ണം |

സെക്ഷൻ ഓഫീസർ.